(ബി) അവയുടെ ചവിട്ടുപടികളുടെ പൊക്കം എത്രയായിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് പറയുമോ;

(സി) ചവിട്ടുപടിക്ക് വ്യവസ്ഥയിൽ കൂടുതൽ ഉയരമുള്ള ബസ്സുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കുകയും അവ സർവ്വീസ് നടത്തുകയും ചെയ്യുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത്തരത്തിൽപ്പെട്ട എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ഇ) വ്യവസ്ഥ പ്രകാരം ചവിട്ടുപടികളുടെ ഉയരം ക്രമീകരിച്ച ബസ്സുകൾക്ക് മാത്രമെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റീസ് എന്ന സംഘടന നൽകിയ കേസിൽ സംസ്ഥാന ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് വിധി പ്രസ്താവിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഈ വിധി നടപ്പാക്കിയോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. കേരള മോട്ടോർ വാഹന നിയമം 282(1) പ്രകാരം ഏറ്റവും കൂടിയത് 40 സെന്റീമീറ്ററും കുറഞ്ഞത് 25 സെ.മീറ്ററുമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉണ്ട്.

(എഫ്) വിധി നടപ്പാക്കണമെന്ന് എല്ലാ ആർ. റ്റി. ഒ. മാർക്കും/ജോയിന്റ് ആർ.റ്റി.ഒ.-മാർക്കും ട്രാൻസ്പോർട്ട് കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്നും ബസ്സ് സർവ്വീസ്

117 [2889] ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്നും ഏതൊക്കെ ബസ്സ് റൂട്ടുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇനി ഏതൊക്കെ റൂട്ടുകളിലേക്കാണ് ഈ ഡിപ്പോയിൽ നിന്നും പുതുതായി ബസ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) താഴെപറയുന്ന 5 സർവ്വീസുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

1. കരുനാഗപ്പള്ളി-തിരുവനന്തപുരം-ആനയടി.
2. കരുനാഗപ്പള്ളി-ഗൃഹാനന്ദപുരം.
3. കരുനാഗപ്പള്ളി-കണ്ടിട്ടക്കടവ്-ഇടപ്പള്ളികോട്ട-കൊല്ലം.
4. കരുനാഗപ്പള്ളി-കായംകുളം-കൊട്ടാരക്കടവ്.
5. കരുനാഗപ്പള്ളി-ശങ്കരമംഗലം-പടപ്പനാൽ-മുട്ടം.

(ബി) ഇത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly